പതിനാലാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2016-2019)

## പതിനാലാമത് റിപ്പോർട്ട്

(2018 മാർച്ച് 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

## 2007-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്റ്റിൻ (2007-ലെ 34-ാം ആക്റ്റ്) കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.കളുടെ സൂക്ഷ്മപരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

പതിനാലാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2016-2019)

## പതിനാലാമത് റിപ്പോർട്ട്

(2018 മാർച്ച് 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

## 2007-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്ടിൻ (2007-ലെ 34-ാം ആക്ട്) കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.കളുടെ സൂക്ഷ്മപരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട്

753/2018.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം 1: എസ്.ആർ.ഒ.നമ്പർ 73/2013 | .. | 4 |
| അനുബന്ധം 2: എസ്.ആർ.ഒ.നമ്പർ 95/2016 | .. | 6 |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2016-2019)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.

<u>അംഗങ്ങൾ</u> :

ശ്രീ. ജി. എസ്. ജയലാൽ, എം.എൽ.എ.

ശ്രീ. എം. മുകേഷ്, എം.എൽ.എ.

ശ്രീ. കെ. ഡി. പ്രസേനൻ, എം.എൽ.എ.

ശ്രീമതി യു. പ്രതിഭ ഹരി, എം.എൽ.എ.

ശ്രീ. റോജി എം. ജോൺ, എം.എൽ.എ.

ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ.

ശ്രീ. ഷാഫി പറമ്പിൽ, എം.എൽ.എ.

ശ്രീ. എ. എൻ. ഷംസീർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. കെ. എസ്. അനസ്, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2016-2019)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2007-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്റ്റിൻ (2007-ലെ 34-ാം ആക്റ്റ്) കീഴിൽ പുറപ്പെടുവിച്ച 43/2011, 274/2011, 240/2012, 517/2012, 61/2013, 73/2013, 298/2013, 220/2014, 164/2015, 305/2015 എന്നീ നമ്പർ എസ്.ആർ.ഒ.-കൾ സമിതി സൂക്ഷ്മമായി പരിശോധിക്കുകയും നിയമം, ആഭ്യന്തരം എന്നീ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും 12-7-2017-ൽ തെളിവെടുപ്പ് നടത്തുകയും ചെയ്തു. എസ്.ആർ.ഒ.-കളുടെ വിശദമായ പരിശോധനയുടെയും തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ, സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2018 മാർച്ച് 7-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

മുരളി പെരുനെല്ലി,
*ചെയർമാൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി*

തിരുവനന്തപുരം,
2018 മാർച്ച് 13.

# റിപ്പോർട്ട്

സംസ്ഥാനത്ത് സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ ഫലപ്രദമായി തടയുന്നതിനും നിയന്ത്രിക്കുന്നതിനും പ്രത്യേകം വ്യവസ്ഥ ചെയ്യുന്നതിനായി നിലവിൽവന്ന 2007-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്ടിൻ (2007-ലെ 34-ാം ആക്ട്) കീഴിൽ പുറപ്പെടുവിച്ച 43/2011, 274/2011, 240/2012, 517/2012, 61/2013, 73/2013, 298/2013, 220/2014, 164/2015, 305/2015 എന്നീ എസ്.ആർ.ഒ.-കൾ സമിതിയുടെ 12-7-2017-ൽ ചേർന്ന യോഗം സൂക്ഷ്മ പരിശോധന നടത്തുകയും നിയമം, ആഭ്യന്തരം എന്നീ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. എസ്.ആർ.ഒ.-കളുടെ വിശദമായ പരിശോധനയുടെയും തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും ശിപാർശകളും ചുവടെ ചേർക്കുന്നു:

എസ്.ആർ.ഒ. നമ്പർ 43/2011 തീയതി 17-1-2011

സ.ഉ. (പി) നമ്പർ 14/2011/ ആഭ്യന്തരം തീയതി 17-1-2011

2007-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്ടിലെ 8-ാം വകുപ്പും 21-ാം വകുപ്പും പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഉപദേശകബോർഡ് (ചെയർമാൻ, അംഗങ്ങൾ, ജീവനക്കാർ എന്നിവരുടെ സേവന വ്യവസ്ഥ) ചട്ടങ്ങൾ രൂപീകരിച്ചുകൊണ്ടുള്ളതാണ് പ്രസ്തുത എസ്. ആർ. ഒ.

ചട്ടം 1(1)-ലെ "2010-ലെ" എന്നത് "2011-ലെ" എന്ന് മാറ്റേണ്ടതല്ലേയെന്ന് സമിതി ആരാഞ്ഞതിന് ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ നിയമവകുപ്പ് ആഭ്യന്തരവകുപ്പിന് നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ തിരുത്തൽ വിജ്ഞാപനം 73/2013 തീയതി 2-2-2013 നമ്പർ എസ്.ആർ.ഒ. ആയി പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ആഭ്യന്തര വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിക്കുകയും വിജ്ഞാപനത്തിന്റെ പകർപ്പ് സമിതി മുൻപാകെ സമർപ്പിക്കുകയും ചെയ്തു.

(അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു).

2007-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്ട് (2007-ലെ 34)-ലെ 8-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരമുള്ള ഉപദേശക ബോർഡിന്റെ ചെയർമാന്റെയും അംഗങ്ങളുടെയും കാലാവധി, സേവനവേതന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച ചട്ടങ്ങൾക്ക് 13-12-2006 മുതൽ മുൻകാലപ്രാബല്യം നൽകിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചത് 17-1-2011-ലാണെന്ന് കണ്ടെത്തിയ സമിതി ചട്ടങ്ങൾ രൂപീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് ആശാസ്യമായ ഒരു പ്രവണത അല്ലെന്ന്

ചൂണ്ടിക്കാണിക്കുകയും നിയമം നിലവിൽ വന്ന ഉടനെ തന്നെ ആക്ടിലെ വ്യവസ്ഥകൾ പ്രകാരമുള്ള ചട്ടങ്ങൾ രൂപീകരിക്കുന്നതിൽ വകുപ്പ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള ചട്ടങ്ങൾ രൂപീകരിക്കുന്നതിൽ വീഴ്ച വരുത്താതിരിക്കാൻ വകുപ്പ് ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ചട്ടം (6) 1-ന്റെ മൂന്നാമത്തെ ഖണ്ഡികയിൽ 'ഹൈക്കോടതി ജഡ്ജിമാരുടെ (സേവന വ്യവസ്ഥകൾ) ആക്ട് 1954 പ്രകാരവും' എന്നതിനുശേഷം ആക്ടിന്റെ വർഷവും നമ്പറും ഉൾപ്പെടുത്തി തിരുത്തൽ വിജ്ഞാപനം പ്രസിദ്ധീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

ചട്ടം (7) 1- ന്റെ താഴെയായി നൽകിയിരിക്കുന്ന പട്ടികയ്ക്ക് താഴെ '(റൂൾ 5 കാണുക)' എന്നത് '(റൂൾ 7 കാണുക)' എന്ന് മാറ്റം വരുത്തി തിരുത്തൽ വിജ്ഞാപനം പ്രസിദ്ധീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

എസ്.ആർ.ഒ. നമ്പർ 517/ 2012 തീയതി 16-7-2012

സ.ഉ. (പി) നമ്പർ 192/2012/ആഭ്യന്തരം തീയതി 13-7-2012

എസ്.ആർ.ഒ.യുടെ വിശദീകരണക്കുറിപ്പിൽ 'ഉപദേശക ബോർഡ് ' എന്ന് രേഖപ്പെടുത്തേണ്ടിടത്തെല്ലാം 'ഉപദേശക സമിതി' എന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുള്ള തായി സമിതി ചൂണ്ടിക്കാണിച്ച അവസരത്തിൽ, തെറ്റ് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 'ഉപദേശക സമിതി'യെന്നത് 'ഉപദേശക ബോർഡ് ' എന്ന രീതിയിൽ മാറ്റം വരുത്തി തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെന്ന് ആഭ്യന്തര വകുപ്പ് ഉദ്യോഗസ്ഥൻ അറിയിക്കുകയും ചെയ്തു. തിരുത്തൽ വിജ്ഞാപനം എസ്. ആർ. ഒ. നമ്പർ 73/2013 തീയതി 2-2-2013. (അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു).

എസ്.ആർ.ഒ. നമ്പർ 305/ 2015 തീയതി 12-5-2015

സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 51/2015/ആഭ്യന്തരം തീയതി 17-3-2015

2007-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്ട് (2007-ലെ 34-ാം ആക്ട്) 3-ാം വകുപ്പ് പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ പുറപ്പെടുവിക്കുന്ന തടങ്കൽ ഉത്തരവിന് അംഗീകാരം നൽകുന്നതിനായി ആഭ്യന്തര വകുപ്പ് സെക്രട്ടറിയെ അധികാരപ്പെടുത്തികൊണ്ടുള്ളതാണ് പ്രസ്തുത എസ്.ആർ.ഒ.

എസ്.ആർ.ഒ.യുടെ വിശദീകരണ കുറിപ്പിൽ " 2007-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്ടിലെ (2007-ലെ 34-ാം ആക്ട്) 3-ാം വകുപ്പ് 3-ാം ഉപവകുപ്പിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ പുറപ്പെടുവിക്കുന്ന യാതൊരു ഉത്തരവിനും" എന്ന് രേഖപ്പെടുത്തിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ട സമിതി ആക്ടിലെ 3-ാം വകുപ്പ് (1)-ഉം (2)-ഉം ഉപവകുപ്പുകളിലാണ് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ

പുറപ്പെടുവിക്കുന്ന ഉത്തരവിനെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നതെന്ന് ചൂണ്ടിക്കാണിച്ച തദവസരത്തിൽ "3-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ പുറപ്പെടുവിക്കുന്ന യാതൊരു ഉത്തരവിനും" എന്നതിൽ "3-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ" എന്ന രീതിയിൽ മാറ്റം വരുത്തേണ്ടതാണെന്ന് നിയമവകുപ്പ് ഉദ്യോഗസ്ഥരും സമിതിയെ അറിയിച്ചു. ആയതിനാൽ വിശദീകരണക്കുറിപ്പിലെ "2007-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്റ്റിലെ (2007-ലെ 34-ാം ആക്റ്റ്) 3-ാം വകുപ്പ് 3-ാം ഉപവകുപ്പിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ" എന്നതിൽ 3-ാം വകുപ്പ് 2-ാം ഉപവകുപ്പിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ എന്ന് മാറ്റി തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിക്കണമെന്നും എസ്.ആർ.ഒ.യുടെ ഇംഗ്ലീഷ് പരിഭാഷയിലും ഇപ്രകാരം മാറ്റം വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>എസ്.ആർ.ഒ. നമ്പർ 61/ 2013 തീയതി 29-1-2013</u>

<u>No. 96309/SS.A5/2012/Home dated 29-1-2013</u>

The Kerala Anti Social Activities (Prevention) Act 2007-ലെ വകുപ്പ് 8 പ്രകാരമുള്ള ഉപദേശക ബോർഡിന്റെ അംഗങ്ങളെ നിയമിച്ചുകൊണ്ട് പ്രസിദ്ധീകരിച്ചിട്ടുള്ളതാണ് പ്രസ്തുത എസ്. ആർ. ഒ.

ചട്ടപ്രകാരം 2016 ജനുവരി മാസം രൂപീകരിക്കേണ്ട പുതിയ ഉപദേശക ബോർഡ് രൂപീകരിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് പുതിയ ഉപദേശക ബോർഡ് നിലവിൽ വന്നിട്ടുണ്ടെന്നും ആയത് 95/2016 നമ്പർ എസ്. ആർ. ഒ. ആയി പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും ആഭ്യന്തര വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു

(അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.)

<u>എസ്.ആർ.ഒ. നമ്പർ 240/2012, 73/2013, 274/2013, 298/2013, 220/2014, 164/2015</u>

No Comments.

മുരളി പെരുനെല്ലി,
*അദ്ധ്യക്ഷൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2018 മാർച്ച് 13.

അനുബന്ധം I

©
Government of Kerala
കേരള സർക്കാർ
2013

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. രജി. നമ്പർ
KL/TV(N)/634/2012-14

# KERALA GAZETTE
# കേരള ഗസറ്റ്
## EXTRAORDINARY
അസാധാരണം
## PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | | |
|---|---|---|---|---|
| Vol. II<br>വാല്യം 2 | Thiruvananthapuram, Saturday<br>തിരുവനന്തപുരം, ശനി | 2nd February 2013<br>2013 ഫെബ്രുവരി 2<br>13th Magha 1934<br>1934 മാഘം 13 | No.<br>നമ്പർ | 298 |


## കേരള സർക്കാർ

ആഭ്യന്തര (രഹസ്യ വിഭാഗം-എ) വകുപ്പ്

### തിരുത്ത്

സ. ഉ. (പി) നമ്പർ 19/2013/ആഭ്യന്തരം. *തിരുവനന്തപുരം, 2013 ജനുവരി 22.*

എസ്. ആർ. ഒ. നമ്പർ 73/2013.—2011 ജനുവരി 17-ാം തീയതിയിലെ സ. ഉ. (പി) നമ്പർ 14/2011/ആഭ്യന്തരം നമ്പർ വിജ്ഞാപനം പ്രകാരം പുറപ്പെടുവിച്ചതും 2011 ജനുവരി 17-ാം തീയതിയിലെ 95-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 43/2011 ആയി പ്രസിദ്ധീകരിച്ചതുമായ 2010-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഉപദേശക ബോർഡ് (ചെയർമാൻ, അംഗങ്ങൾ, ജീവനക്കാർ എന്നിവരുടെ സേവന വ്യവസ്ഥ) ചട്ടങ്ങളിൽ,—

(എ) 1-ാം ചട്ടം (1)-ാം ഉപചട്ടത്തിൽ "2010" എന്നത് "2011"എന്ന് വായിക്കേണ്ടതാണ്;

(ബി) "ഉപദേശകസമിതി" എന്നു പറഞ്ഞിട്ടുള്ളിടത്തെല്ലാം "ഉപദേശക ബോർഡ്" എന്നും വായിക്കേണ്ടതാണ്.

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്ടിലെ 8-ാം വകുപ്പും 21-ാം വകുപ്പും പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് 17-1-2011-ൽ കേരള സർക്കാർ, സ. ഉ. (പി) നമ്പർ 14/2011/ആഭ്യന്തരം നമ്പർ വിജ്ഞാപനപ്രകാരം 2011 ജനുവരി 17-ാം തീയതിയിലെ 95-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 43/2011 ആയി കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഉപദേശക ബോർഡ് (ചെയർമാൻ, അംഗങ്ങൾ, ജീവനക്കാർ എന്നിവരുടെ സേവന വ്യവസ്ഥ) ചട്ടങ്ങൾ പുറപ്പെടുവിച്ചു. എന്നാൽ സബ്ജക്ട് കമ്മിറ്റി—XIV ആഭ്യന്തര കാര്യങ്ങൾ) പ്രസ്തുത വിജ്ഞാപനം പരിഗണിച്ച വേളയിൽ, ചട്ടങ്ങളുടെ ചുരുക്കപ്പേരിൽ "2011" എന്ന് ചേർക്കേണ്ടതിനുപകരം "2010" എന്നാണ് ചേർത്തിരിക്കുന്നത് എന്നും ചട്ടങ്ങളിൽ 'ഉപദേശക ബോർഡ്' എന്നത് നിർവ്വചിച്ചിട്ടുണ്ടെങ്കിലും ചട്ടങ്ങളിൽ കൂടുതൽ സ്ഥലങ്ങളിലും ഉപദേശക സമിതി എന്നാണ് ചേർത്തിട്ടുള്ളത് എന്നും കണ്ടെത്തുകയും പ്രസ്തുത വിജ്ഞാപനത്തിലെ പിശകുകൾ തിരുത്താൻ വിജ്ഞാപനം പുറപ്പെടുവിച്ച് സമിതിയുടെ സാധൂകരണത്തിന് സമർപ്പിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. പ്രസ്തുത വിജ്ഞാപനത്തിൽ ചില പിശകുകൾ സംഭവിച്ചതിനാൽ ആയത് തിരുത്തുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് വിജ്ഞാപനം.

അനുബന്ധം II

©
കേരള സർക്കാർ
Government of Kerala
2016

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 5<br>Vol. V | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2016 ജനുവരി 28<br>28th January 2016<br>1191 മകരം 14<br>14th Makaram 1191<br>1937 മാഘം 8<br>8th Magha 1937 | നമ്പർ<br>No. 202 |

## GOVERNMENT OF KERALA
### Home (Secret Section-A) Department

NOTIFICATION

No. 96473/SS-A1/2015/Home.

*Dated, Thiruvananthapuram, 28th January, 2016 / 14th Makaram, 1191.*

**S. R. O. No. 95/2016.**—In exercise of the powers conferred by sub-section (1) of section 8 of the Kerala Anti-Social Activities (Prevention) Act, 2007 (34 of 2007), and in supersession of notification No. 96309/SSA5/2012/Home dated 29th January, 2013, published as S. R. O. No. 61/2013 in the Kerala Gazette Extraordinary No. 235 dated 29th January, 2013, the Government of Kerala hereby constitute the Advisory Board with immediate effect for the purposes of the said Act having Jurisdiction over the State with the following members, namely:—

| | | |
|---|---|---|
| (1) The Hon'ble Mr. Justice A. V. Ramakrishna Pillai (Retired), Ampazhavelil (House No. 49/697 A), Rajeev Nagar, Elamakkara, Kochi-682 026. | : | Chairman |
| (2) Sri N. J. Jose (Retired District Judge), Apartment No. 5C, Seiken East End Apartment, Ponoth Road, Kaloor, Ernakulam. | : | Member |
| (3) Adv. A. Nizamudeen, Paracheril House, Kakkazham P. O., Alappuzha. | : | Member |

The Headquarters of the Advisory Board will be at Ernakulam.

By order of the Governor,

NALINI NETTO,
*Additional Chief Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

As per sub-section (1) of section 8 of the Kerala Anti-Social Activities (Prevention) Act, 2007, the Government shall constitute an Advisory Board for the purposes of sections 10 and 11 of the said Act. The tenure of the Advisory Board constituted as per notification No. 96309/SS.A5/2012/ Home dated 29th January, 2013, published as S.R.O. No. 61/2013 in the Kerala Gazette Extraordinary No. 235 dated 29th January, 2013 will expire on 28th January, 2016. Government have now decided to supersede the earlier notification so as to constitute the Advisory Board with new members.

The notification is intended to achieve the above object.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.